പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന

87(5672) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന ഉറപ്പാക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് സമീപിക്കുന്നതിനും വളരെ വേഗം പോലീസ് സേവനം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകളും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകളും പാറാവ് സമ്പ്രദായം ഒഴിവാക്കി റിസപ്ഷൻ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസിന്റെയും മറ്റും പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി എത്തുന്ന പൊതുജനങ്ങളോട് മാന്യമായും സഹാനുഭൂതിയോടും പെരുമാറുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ഇതിന് വേണ്ടിയുള്ള പരിശീലനങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിനുപുറമേ പരാതിക്കാർക്ക് വിശ്രമിക്കുവാൻ പ്രത്യേക മുറികൾ സജ്ജീകരിച്ചിട്ടുമുണ്ട്.

അഴിമതി കേസ്സിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

88(5673) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരാണ് അഴിമതി കേസ്സിൽപ്പെട്ടിട്ടുള്ളതെന്ന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly